"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് രാജ് ആക്ട് - മലപ്പുറം ജില്ലയിലെ മക്കരപറമ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.08.2024-ലെ 26(1), 31.08.2024-ലെ 20(1) നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തു കൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ വകുപ്പ്**

സ.ഉ.(സാധാ) നം.867/2025/LSGD തീയതി, തിരുവനന്തപുരം, 29-03-2025

---

പരാമർശം:-

1. മക്കരപറമ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.08.2024-ലെ 26(1), 31.08.2024-ലെ 20(1) തീരുമാനങ്ങൾ
2. മക്കരപറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03/09/2024-ലെ 400883/BRMC01/GENERAL/2023/192(5) നമ്പർ കത്ത്.
3. 01.10.2024-ലെ ആർബി3/423/2024-തസ്വഭവ നമ്പർ കത്ത്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03/01/2025-ലെ LSGD/PD/35169/2024-AR5 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ മക്കരപറമ്പ് ഗ്രാമപഞ്ചായത്തിലെ വാർഡ് 6-ൽ ശ്രീ. കുഞ്ഞിമുഹമ്മദ് & ശ്രീ. ഹംസ, കൊണ്ടേരിത്തൊടി വീട്, വടക്കാങ്ങര എന്നിവർ വടക്കാങ്ങര വില്ലേജിലെ 74/2-13 സർവ്വെ നമ്പരിൽ ഉൾപ്പെട്ട 4.5 ആർ ഭൂമിയിൽ അനുമതിയില്ലാതെ മുസ്ലീം പള്ളി നിർമ്മിച്ച് റഗുലറൈസ് ചെയ്ത് നൽകുന്നതിന് നൽകിയിരുന്ന അപേക്ഷയുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന വിവരങ്ങൾ പരാമർശം (2) പ്രകാരം മക്കരപറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) അനുമതിയില്ലാതെ മുസ്ലീം പള്ളി നിർമ്മിച്ച് റഗുലറൈസ് ചെയ്യുന്നതിന് നൽകിയിരുന്ന ടി അപേക്ഷയിൽ മലപ്പുറം ജില്ല പോലീസ് മേധാവി നൽകിയ അന്വേഷണ റിപ്പോർട്ടിൽ നിലവിൽ ടി പ്രദേശത്ത്, സുമാർ അഞ്ച് വർഷത്തോളമായി അഞ്ചു നേരം ബാങ്ക് വിളിക്കുന്ന ഒരു പള്ളിയിൽ ആരാധന നടത്തി വരുന്നതായും ഇതിന്റെ തൊട്ടടുത്ത കോമ്പൗണ്ടിൽ ഒരു പുതിയ പള്ളി നിർമ്മിക്കുന്നതിനാണ് ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ടി സ്ഥലത്ത് സുമാർ 10-ൽ താഴെ മുസ്ലീം കുടുംബങ്ങൾ മാത്രമാണ് താമസിക്കുന്നതെന്നും ഒരു കിലോമീറ്റർ അകലെ മാറി വടക്കാങ്ങരയിൽ വിശാലമായ സൗകര്യങ്ങളോടു കൂടിയ പള്ളികളുള്ളതായും പള്ളി നിർമാണത്തിന് ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ സുമാർ 200 മീറ്റർ മാറി രാമൻ, കാവുങ്ങപ്പറമ്പിൽ ഹൗസ് എന്നയാളും കുടുംബവും താമസിക്കുന്ന വീടിനോട് ചേർന്ന് ഒരു മടപ്പുരയുള്ളതും അതിൽ നിത്യപൂജ നടക്കുന്നതുമാണെന്നും പുതിയ പള്ളിക്ക് അനുമതി ലഭിക്കുന്ന പക്ഷം അനുമതിയില്ലാതെ നിർമാണം പൂർത്തിയാക്കിയ

പള്ളിയോട് കൂട്ടിച്ചേർത്ത് നിയമലംഘനം സാധൂകരിക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നതെന്നും അറിവായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നത് പരിശോധിച്ച് പള്ളി നിർമാണത്തിന് അനുമതി നൽകേണ്ടതില്ലെന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 19/05/2023-ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു(തീരുമാനം 9(1) ).

3) നിത്യപൂജ നടക്കുന്ന രാമന്റെ കുടുംബത്തിന് പള്ളി നിർമ്മിക്കുന്നതിന് എതിർപ്പില്ലെന്നും മതസ്പർദ്ധക്ക് സാധ്യതയില്ലെന്നും പോലീസ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്ന തരത്തിലുള്ള കെട്ടിടമൊന്നും ടി പ്ലോട്ടിൽ ഇല്ലാത്തതിനാലും അപേക്ഷ പുനഃപരിശോധിച്ച് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൻ വാർഡ് 6 മെമ്പറുടെ ശിപാർശ സഹിതം വീണ്ടും അപേക്ഷ സമർപ്പിച്ചതിനെത്തുടർന്ന് ഇക്കാര്യം പഞ്ചായത്ത് ഭരണസമിതി യോഗം വീണ്ടും ചർച്ച ചെയ്യുകയും പോലീസ് റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ അപേക്ഷകൻ റഗുലറൈസേഷന് സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിക്കുന്നതിന് മക്കരപ്പറമ്പ് പഞ്ചായത്ത് LID&EW എഞ്ചിനീയറിംഗ് വിഭാഗത്തിനെ ചുമതലപ്പെടുത്തുകയുമുണ്ടായി. എഞ്ചിനീയറിംഗ് വിഭാഗം ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത സ്ഥലത്ത് ഒരു പള്ളി കെട്ടിടം മാത്രമേ ഉള്ളുവെന്നും അത് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമാണ് നിർമ്മിച്ചിരിക്കുന്നതെന്നും റിപ്പോർട്ട് ചെയ്യുകയും ഇക്കാര്യം ചർച്ച ചെയ്ത 10/06/2024-ലെ പഞ്ചായത്ത് ഭരണസമിതി, പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ റിപ്പോർട്ടാണ് കൃത്യതയുള്ളതെന്നും, അതിനാൽ പോലീസ് റിപ്പോർട്ടിലെ തെറ്റ് പുനഃപരിശോധിക്കുന്നതിനും പുതിയ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും പ്രസ്തുത പ്രദേശത്ത് മുസ്ലീം ആരാധനാലയം ക്രമവൽക്കരിച്ച് നൽകുന്നത് ഏതെങ്കിലും തരത്തിൽ മതസൗഹാർദ്ദത്തെ പ്രതികൂലമായി ബാധിക്കുന്നതിന് കാരണമാകുമോ എന്ന വിവരം അറിയിക്കുന്നതിനും മലപ്പുറം ജില്ല പോലീസ് മേധാവിക്ക് കത്ത് നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി.

4) തുടർന്ന് ജില്ലാ പോലീസ് മേധാവി ലഭ്യമാക്കിയ റിപ്പോർട്ടിൽ ഒരു കുടുംബത്തിന്റെ മാത്രം താൽപര്യപ്രകാരം അവരുടെ തന്നെ ഉടമസ്ഥതയിൽ മുൻകൂർ അനുമതിയില്ലാതെ കെട്ടിട നിർമാണം നടത്തുകയും തുടർന്ന് പഞ്ചായത്ത് കമ്മിറ്റി ചേർന്ന് അതിന് ആരാധനാലയം എന്ന നിലയിൽ അനുമതി നൽകുകയും ചെയ്യുന്നത്, സ്ഥലത്ത് മറ്റു സ്വകാര്യ വ്യക്തികളും ഇത്തരത്തിൽ മുൻകൂർ അനുമതിയില്ലാതെ ആരാധനാലയം നിർമ്മാണം നടത്തി അത് ക്രമപ്പെടുത്തുന്നതിന് പഞ്ചായത്തിൽ നിന്ന് അനുമതി വാങ്ങുന്നതിനും ഭാവിയിൽ ഇത്തരത്തിലുള്ള പ്രവണതകൾ കൂടി വരുന്നതിനും ഇത് ഒരു കീഴ്‌വഴക്കമാക്കുന്നതിനും പ്രദേശത്ത് നിരവധി ആരാധനാലയങ്ങൾ ഉണ്ടാകുന്നതിനും ഭാവിയിൽ ചേരി തിരിഞ്ഞ് ആരാധന നടത്തുന്നതിനും അത് വാക്കുതർക്കത്തിനും, സംഘർഷത്തിനും, സ്ഥലത്തെ സമാധാന അന്തരീക്ഷം തകർക്കുന്നതിനും മറ്റും സാധ്യതയുള്ളതായി റിപ്പോർ ട്ട് ചെയ്യുകയുണ്ടായി. ഇക്കാര്യം 01.08.2024-ന് ചേർന്ന പഞ്ചായത്ത് ഭരണസമിതി യോഗം പരിശോധിച്ചു. ഒരു ട്രസ്റ്റിനോ, നിലവിലുള്ള വഖഫ് ബോർഡ് ഉൾപ്പെടെയുള്ള, ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളുടെ അനുമതിയോടെയോ പ്രദേശത്തെ ആളുകൾ ചേർന്ന് കമ്മിറ്റി രൂപീകരിച്ചോ പൊതു ആവശ്യത്തിനായി പള്ളി നിർമ്മിക്കുന്നത് പരിഗണനാർഹമാണെങ്കിലും, വ്യക്തിപരമായി പ്രാർത്ഥന നടത്തുന്നതിന് ഒരു കുടുംബത്തിനോ, വ്യക്തിക്കോ പള്ളിയുടെ ആവശ്യമില്ലെന്നും അപേക്ഷകന്റെ സ്ഥലത്ത് നിന്ന് ഒരു കിലോമീറ്റർ മാറി വിശാലമായ പള്ളി ഉള്ളതാണെന്നും ഇത്തരത്തിൽ ആരാധനാലയങ്ങൾക്ക് അനുമതി നൽകുന്നത് ഭാവിയിൽ നിരവധി പേർ ഇതേ ആവശ്യം ഉന്നയിച്ച് പഞ്ചായത്തിനെ സമീപിക്കാൻ ഇടയുണ്ടെന്നും ഇത് പ്രദേശത്തെ സമാധാന അന്തരീക്ഷം തകർക്കുന്നതിനും മതസ്പർദ്ധയ്ക്കും കാരണമാകുമെന്നും റിപ്പോർട്ട് ചെയ്ത പേലീസ് റിപ്പോർട്ടിനോട് അനുകൂലിക്കുന്നതായും പള്ളിക്ക് അനുമതി നൽകുന്നത് മൂലം ഏതെങ്കിലും സംഘർഷം ഉടലെടുത്താൽ

ആയത് പൊതു സുരക്ഷയെ ബാധിക്കുമെന്നും, ഇത്തരത്തിൽ അനുമതി നൽകുന്നത് കീഴ്വഴക്കമായി മാറുമെന്നും ഭാവിയിൽ വന്നേക്കാവുന്ന എല്ലാ അപേക്ഷകളും പരിഗണിക്കേണ്ടി വരുമെന്നും ഇത് നിയമപ്രശ്നങ്ങൾക്ക് ഇടയാക്കാൻ കാരണമാകുമെന്നും ആയതിനാൽ പള്ളിക്കായി നിർമ്മിച്ച കെട്ടിടം റഗുലറൈസ് ചെയ്തു നൽകാൻ കഴിയില്ലെന്നും സെക്രട്ടറി അഭിപ്രായം രേഖപ്പെടുത്തിയെങ്കിലും പഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ 01.08.2024-ലെ 26(1) നമ്പർ തീരുമാനപ്രകാരം പള്ളി നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിന് ഐകകണ്ഠ്യേന തീരുമാനിച്ചു.

5) ടി തീരുമാനം പുനരവലോകനം ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 31.08.2024-ന് ചേർന്ന പഞ്ചായത്ത് ഭരണസമിതി ഇക്കാര്യം പരിശോധിക്കുകയും 01.08.2024-ലെ 26(1) തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നതായും സെക്രട്ടറിയുടെ അഭിപ്രായക്കുറിപ്പും പോലീസിന്റെ റിപ്പോർട്ടും പരിഗണിക്കേണ്ടതില്ലെന്നും അപേക്ഷ അംഗീകരിക്കാവുന്നതാണെന്നും ഭരണസമിതി തീരുമാനിക്കുകയുണ്ടായി (തീരുമാനം 20(1) ).

6) തുടർന്ന്, മക്കരപറമ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.08.2024-ലെ 26(1), 31.08.2024-ലെ 20(1) എന്നീ തീരുമാനങ്ങൾ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടങ്ങളുടെ ചട്ടം 29 അനുസരിച്ച് പരാമർശം (2) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തീരുമാനം നടപ്പാക്കുന്നത് സർക്കാരിൽ നിന്ന് അറിയിപ്പ് ഉണ്ടാകുന്നതുവരെ തൽക്കാലം മാറ്റി വയ്ക്കാൻ പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പള്ളിയ്ക്കായി നിർമ്മിച്ച കെട്ടിടം റഗുലറൈസ് ചെയ്തു നൽകാൻ കഴിയില്ലെന്ന സെക്രട്ടറിയുടെ നിലപാടിനോട് യോജിക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്രമസമാധാനപ്രശ്നം ഉണ്ടാകാനിടയുണ്ടെന്ന പോലീസ് റിപ്പോർട്ട് പരിഗണിക്കേണ്ടതാണെന്നും ഏതെങ്കിലും തരത്തിലുള്ള സംഘർഷം ഉടലെടുത്താൽ അത് പൊതു സുരക്ഷയെ ബാധിക്കുമെന്നും കണക്കിലെടുത്ത് മക്കരപറമ്പ് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 01.08.2024-ലെ 26(1), 31.08.2024 ലെ 20(1) എന്നീ തീരുമാനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 191(4) വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സ്റ്റേ ചെയ്തും ടി ആക്ടിന്റെ 191(2) വകുപ്പ് പ്രകാരം പ്രസ്തുത തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYANTHI B S
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം. (പരാമർശിത പ്രമാണങ്ങളും ആമുഖ കത്തും സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ജില്ല ജോയിന്റ് ഡയറക്ടർ, മലപ്പുറം
പ്രസിഡന്റ്, മക്കരപറമ്പ് ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, മക്കരപറമ്പ് ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (RB3/423/2024-LSGD

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
Date: 29-03-2025 15:10:24
സെക്ഷൻ ഓഫീസർ